(സി) എങ്കിൽ ട്രാൻസ്ഫോർമർ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജല അതോറിറ്റിയുടെ പരിഗണനയിലില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

രാജകുമാരി-രാജാക്കാട് പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം

64 [244] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിലെ രാജകുമാരി-രാജക്കാട് പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റി ആരംഭിച്ച പദ്ധതിയുടെ പ്രയോജനം രണ്ട് പഞ്ചായത്തിലെയും ജനങ്ങൾക്ക് ലഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(ബി) രാജാക്കാട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയുടെ പ്രയോജനം പ്രസ്തുത പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇവ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി എന്തെല്ലാം തുടർനടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(എഫ്) ഇതുവരെ എന്ത് തുക ഈ പദ്ധതിക്ക് ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജകുമാരി-രാജക്കാട് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 1989-ൽ പണി ആരംഭിച്ച രാജാക്കാട്-രാജകുമാരി ശുദ്ധജലവിതരണ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പ്രകാരമുള്ള പൈപ്പ് ലൈനുകൾ ഈ രണ്ട് പഞ്ചായത്തുകളിലും സ്ഥാപിച്ചിട്ടുണ്ട്. 1996-ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതിപ്രകാരം രാജകുമാരി പഞ്ചായത്തിന് മുഴുവനായും രാജാക്കാട് പഞ്ചായത്തിന് ഭാഗികമായും പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി ആന്റ് ഡി) രാജാക്കാട് മുതൽ മുല്ലക്കാനം വരെ പി.ഡബ്ല്യു.ഡി. റോഡിന് വീതി കൂട്ടിയപ്പോൾ കുറച്ചുഭാഗത്തെ പൈപ്പുലൈനുകൾക്ക് തകരാറ് സംഭവിക്കുകയും ഇവ പുനഃസ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്

LIBRARY ARCHIVES Kerala Legislative Assembly